E1 - 1212/21

24-06-22

# പിറവം നഗരസഭാ കാര്യാലയം

പിറവം പി. ഒ., എറണാകുളം ജില്ല, പിൻ - 686 664

## പിറവം നഗരസഭ

## ലേല പരസ്യം

പിറവം നഗരസഭ കളമ്പൂർ ഗവ.യു.പി. സ്കൂളിലെ ഉപയോഗ ശൂന്യമായ പി.വി.സി. സീലിംഗ് പാനൽ ബോർഡ് (7.5 mm), അലുമിനിയം സ്ക്രാപ്പ് സാമഗ്രികൾ **04/07/2022 ന് രാവിലെ 11 മണിക്ക്** നഗരസഭ ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 11.00 മണിക്ക് മുമ്പായി 500/- രൂപ നിരത ദ്രവ്യം നഗരസഭ ഫ്രണ്ട് ഓഫീസിൽ ഒടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് മുനിസിപ്പൽ ഓഫീസിൽ നിന്നോ LSGD Tender website ൽ നിന്നോ അറിയാവുന്നതാണ്.

സെക്രട്ടറി

പിറവം നഗരസഭ

പകർപ്പ്

1. എച്ച്.എം., ഗവ.യു.പി.എസ്. കളമ്പൂർ
2. അസിസ്റ്റന്റ് എഞ്ചിനീയർ, പിറവം നഗരസഭ
3. മുനിസപ്പൽ ഓഫീസ് നോട്ടീസ് ബോർഡ്
4. വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്

## പിറവം നഗരസഭ - ഗവ.യു.പി.എസ്., കളമ്പൂർ, ഉപയോഗശൂന്യമായ പി.വി.സി. സീലിംഗ് അലുമിനിയം സ്ക്രാപ്പ് ലേല നിബന്ധനകൾ:-

പിറവംനഗരസഭ കളമ്പൂർ ഗവ.യു.പി.എസ്.ൽ ഉപയോഗശൂന്യമായ പി.വി.സി. സീലിംഗ് അലുമിനിയം സ്ക്രാപ്പ് എന്നിവ **04/07/2022 രാവിലെ 11 മണിക്ക്** നഗരസഭ ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.

1. നഗരസഭ നിശ്ചയിച്ചിട്ടുള്ള മതിപ്പു വില - 18945/-
2. നിരതദ്രവ്യം - 500/-

ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. ലേലത്തിൽ കൂടുതൽ തുക വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താത്കാലികമായി ഉറപ്പിക്കുന്നതും, ലേല തുകയുടെ മൂന്നിൽ രണ്ട് ഭാഗം അന്നേ ദിവസം തന്നെ നഗരസഭയിൽ ഒടുക്കേണ്ടതുമാണ്. നഗരസഭാ കൗൺസിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി ലേല തുകയും 18% ജി.എസ്.ടി യും ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ നഗരസഭയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്.

എന്തെങ്കിലും കാരണവശാൽ ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവർത്തി ദിവസം തന്നെ ഇതേ പരസ്യ പ്രകാരവും നിബന്ധനകൾ അനുസരിച്ചും ലേലം നടക്കുന്നതാണ്. ലേലത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.

സെക്രട്ടറി

പിറവം നഗരസഭ